പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 146 23.01.2018-ൽ മറുപടിക്ക്

## വിധ്വംസക പ്രവർത്തനങ്ങൾ തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എൻ. ഷംസീർ<br>ശ്രീ. ഐ. ബി. സതീഷ്<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. പി. കെ. ശശി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ സി.പി.ഐ (എം) പ്രവർത്തകർക്കും ഓഫീസുകൾക്കും നേരെ ആക്രമണം അഴിച്ചു വിടുകയും തത്സമയം തന്നെ ജനാധിപത്യ സംവിധാനത്തിൽ അവിശ്വാസം പ്രകടിപ്പിച്ചു കൊണ്ട് ഗവർണ്ണറെ കണ്ട് ജനാധിപത്യ പരമായി തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെ അട്ടിമറിക്കണ മെന്ന് ആവശ്യപ്പെടുകയും ചെയ്യുന്ന ആർ.എസ്.എസ്. ന്റെ വിധ്വംസക പ്രവർത്തനങ്ങൾ തടയാൻ ശക്തമായ നടപടി സ്വീകരിക്കാൻ സാധ്യമായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് ആക്രമണം നടത്തുന്നവർക്കെതിരെയും വിധ്വംസക പ്രവർത്തനങ്ങൾ അഴിച്ചു വിടുന്നവർക്കെതിരെയും കേസ്സുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ജനങ്ങളുടെ സ്വൈര്യജീവിതവും ക്രമസമാധാനവും ഉറപ്പു വരുത്തുന്നതിന് പോലീസിന് ആവശ്യമായ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) പോലീസ് സ്റ്റേഷന് നേരെ ബോംബാക്രമണം നടത്തിയിട്ടുള്ള സംഘപരിവാറിനെതിരെ ശക്തമായ നടപടി സ്വീകരിച്ച് ക്രമസമാധാനം ഉറപ്പാക്കാൻ പോലീസ് സേനയ്ക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ; | (ബി) ക്രമസമാധാനം ഉറപ്പു വരുത്തുക എന്നത് പോലീസിന്റെ കർത്തവ്യമാണ്. അതിനുള്ള ശക്തമായ നടപടി പോലീസ് സ്വീകരിച്ചു വരുന്നുണ്ട്. |

| | |
|---|---|
| (സി) സി.ബി.ഐ. യെ രാഷ്ട്രീയ പക പോക്കലിനുള്ള ഉപകരണം മാത്രമായി അധ:പതിപ്പിക്കുന്നത് ഉണ്ടാക്കാനിടയുള്ള ഭവിഷ്യത്ത് കണക്കിലെടുത്ത് ഇത്തരം തെറ്റായ ഇടപെടലുകൾ തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോയെന്ന് വ്യക്തമാക്കുമോ? | (സി) തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ